പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1663 16.03.2015-ൽ മറുപടിക്ക്

## മാലിന്യ സംസ്കരണ പ്രോജക്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

(എ) ശുചിത്വമിഷൻ വഴി മാലിന്യസംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അനുവദിച്ച തുക വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കാമോ ;

(എ) 2011-12 സാമ്പത്തിക വർഷത്തിൽ 35 ഗ്രാമപഞ്ചായത്തുകൾക്ക് ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിക്കായി 216.92 ലക്ഷം രൂപയും. 2012-13 സാമ്പത്തിക വർഷത്തിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിക്കായി 255 ഗ്രാമപഞ്ചായത്തുകൾക്ക് 1650.32 ലക്ഷം രൂപയും. 2013-14 സാമ്പത്തിക വർഷത്തിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിക്കായി 96 ഗ്രാമപഞ്ചായത്തുകൾക്ക് 323.40 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

(ബി) എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണ പദ്ധതികൾ ശുചിത്വമിഷൻ വഴി നടപ്പാക്കിയിട്ടുണ്ട്; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത് ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 730 പഞ്ചായത്തുകൾക്കും 59 മുൻസിപ്പാലിറ്റികൾക്കും 5 കോർപ്പറേഷനിലും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 2011-12,2012-13,2013-14 സാമ്പത്തിക വർഷങ്ങളിലായി 92.97 കോടി ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.

| ജില്ല | തുക(കോടി) |
|---|---|
| തിരുവനന്തപുരം | 10.21 |
| കൊല്ലം | 7.25 |
| പത്തനംതിട്ട | 3.26 |
| ആലപ്പുഴ | 8.47 |
| കോട്ടയം | 10.2 |
| ഇടുക്കി | 3.82 |
| എറണാകുളം | 8.55 |
| തൃശ്ശൂർ | 6.84 |
| പാലക്കാട് | 5.51 |
| മലപ്പുറം | 9.38 |
| കോഴിക്കോട് | 3.68 |
| വയനാട് | 0.84 |
| കണ്ണൂർ | 10.28 |
| കാസർകോട് | 4.11 |

(സി) റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് മാലിന്യസംസ്കരണ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്; ഓരോ പഞ്ചായത്തും ഏതൊക്കെ പ്രോജക്ടുകൾക്കായി എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇനിയും ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി

(സി) റാന്നി നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളാണ് മാലിന്യസംസ്കരണ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. റാന്നി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾ പ്രോജക്ടുകൾക്കായി 55.75 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കുന്ന പ്രോജക്ടുകൾക്ക് അനുമതി

ലഭിക്കാനുള്ളത് എന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

നൽകിവരുന്നുണ്ട്.

ഡി) മാലിന്യസംസ്കരണ പദ്ധതികൾ നടപ്പ് ) ക്കാത്ത പഞ്ചായത്തുകൾക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉത്തരവിലൂടെ ശ്രമിച്ചത്; ഇതനുസരിച്ച് സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

ഡി) മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ഘട്ടംഘട്ടമായി മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളു. ഇതിലേക്കായി സർക്കാർ തലത്തിൽ നിന്നും ശുചിത്വ മിഷൻവഴിയും വേണ്ടുന്ന നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിവരുന്നു. മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

ഇ) മാലിന്യസംസ്കരണം പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാക്കുന്നതിനും, അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തുകളെ ചുമതലപ്പെടുത്തുന്നതിനും തുടർനടപടികൾ നിരീക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഇ) മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. മാലിന്യ സംസ്ക്കരണം സംബന്ധിച്ച് അവബോധം ജനങ്ങളിൽ ഉണ്ടാക്കുകയെന്നുള്ളതാണ് പ്രധാനം. ഇതിലേയ്ക്കായി ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാതലത്തിലും പഞ്ചായത്തു തലത്തിലും സെമിനാറുകളും, ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു. ഈ അവസരങ്ങളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച കൈപുസ്തകങ്ങളും ലഘുലേഖകളും വിതരണം ചെയ്തു വരുന്നു.കൂടാതെ പഞ്ചായത്തുകളെ അവർക്ക് യോജിച്ച തരത്തിലുള്ള ഖരമാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കുന്നതിനും അവയ്ക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകി വരുന്നു. കൂടാതെ മിഷന്റെ സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥർ തുടർനടപടി നിരീക്ഷിക്കുകയും വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | പ്രോജക്ട് | തുക |
|---|---|---|---|
| 1 | കൊറ്റനാട് | ബയോഗ്യാസ് പ്ലാന്റ് | 2,55,000 |
| 2 | കോട്ടാങ്ങൽ | പൈപ്പ് കമ്പോസ്റ്റ് | 8,99,100 |
| 3 | മല്ലപ്പള്ളി | ബയോഗ്യാസ് പ്ലാന്റ് | 2,17,200 |
| 4 | അയിരൂർ | ബയോഗ്യാസ് പ്ലാന്റ് | 3,99,810 |
| 5 | എഴുമറ്റൂർ | ബയോഗ്യാസ് പ്ലാന്റ് | 3,40,200 |
| 6 | റാന്നി–പഴവങ്ങാടി | ബയോഗ്യാസ് പ്ലാന്റ് | 4,00,500 |
| 7 | റാന്നി–അങ്ങാടി | ബയോഗ്യാസ് പ്ലാന്റ് | 8,33,820 |
| 8 | റാന്നി–പെരുനാട് | പ്ലാസ്റ്റിക് ഷെഡ്ഡിംഗ്, | 3,93,750 |
| | | ബയോഗ്യാസ് പ്ലാന്റ് | 4,83,900 |
| 9 | വടശ്ശേരിക്കര | പൈപ്പ് കമ്പോസ്റ്റ് | 5,16,520 |
| 10 | വെച്ചൂച്ചിറ | ബയോഗ്യാസ് പ്ലാന്റ് | 8,35,725 |
| ആകെ തുക | | | 56,75,525 |